4. ആരോമൽച്ചേകവർ, ആരോമലുണ്ണി, തച്ചോളി ഒതേനൻ, തച്ചോളി ചന്തു, പാലാട്ടുകോമപ്പൻ തുടങ്ങിയവരാണ് വടക്കൻപാട്ടുകളിലെ വീരപുരുഷൻമാരിൽ പ്രമുഖർ.
5. രാമായണം കഥയാണ് ചിത്രരൂപത്തിൽ വളകളിൽ കൊത്തിവച്ചിരിക്കുന്നത്.

※ **വിവരണം**:

- ആമുഖം നോക്കുക.

※ **ശേഖരണം**:

- കുട്ടികൾ നാടൻപാട്ടുകൾ ശേഖരിക്കട്ടെ. അവർ കണ്ടെത്തിയ പാട്ടുകൾ ചേർത്ത് പുസ്തകം തയ്യാറാക്കാവുന്നതാണ്.

## അഭ്യാസപുസ്തകം

※ **പകരം പദം/നാനാർത്ഥം**:

- ശരീരം, ഒരു മാസം : മെയ്യ്
- തലമുടി, കിരീടം : മുടി

※ **കൂട്ടക്ഷരം കണ്ടെത്തുക**:

- രു, ക്ക, ല്ല, ന്റെ, ന്ന, ച്ച, ണ്ണ, ഞ്ഞ, ട്ട, ജ്ഞ, ണ്ട, ങ്ക

※ **ശീർഷകം/തലക്കെട്ട്**:

- ഉചിതമായ പേര് നൽകുക.

※ **കഥാപാത്രങ്ങൾ**:

- ആരോമൽച്ചേകവർ
- ആരോമലുണ്ണി
- തച്ചോളിഒതേനൻ
- തച്ചോളിച്ചന്തു
- പാലാട്ടുകോമപ്പൻ
- ഉണ്ണിയാർച്ച



# പാഠം 9 സീതയും സ്വർണ്ണമാനും

## പഠനലക്ഷ്യങ്ങൾ

※ ഇതിഹാസകാവ്യങ്ങൾ അറിയുന്നു.

※ എഴുത്തച്ഛൻ - ഭാഷാപിതാവ് - രചനാരീതി, കാലം മനസ്സിലാക്കുന്നു.

※ ഭക്തിപ്രസ്ഥാനവും, എഴുത്തച്ഛനും മനസ്സിലാക്കാൻ ശ്രമിക്കുന്നു.

※ ആദ്ധ്യാത്മരാമായണം അറിയുന്നു.

※ താളവും ഈണവും കണ്ടെത്തി ചൊല്ലുന്നു.

※ ആശയം മനസ്സിലാക്കുന്നു.

※ നൂതനപദം/പ്രയോഗം തിരിച്ചറിയുന്നു.

※ കവിത ഗദ്യരൂപത്തിലാക്കുന്നു.

## ആമുഖം

※ മലയാളഭാഷാപിതാവും കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും ആയ എഴുത്തച്ഛന്റെ കൃതിയാണ് ആദ്ധ്യാത്മരാമായണം കിളിപ്പാട്ട്. ഭക്തിയും, ധർമവും, തത്ത്വചിന്തയും നിറഞ്ഞതാണ് എഴുത്തച്ഛൻ കവിതകൾ.

ആദ്ധ്യാത്മരാമായണത്തിലെ ഒരു ഭാഗമാണ് സീതയും സ്വർണ്ണമാനും. കാനനവാസസമയത്ത് സീതയെ മോഹിപ്പിക്കാനെത്തിയ മാനിനെ പിടിച്ചു തരണമെന്ന് രാമനോട് അഭ്യർത്ഥിക്കുന്ന സീതയും, മാൻ വേഷം ധരിച്ചുവന്ന മാരീച രാക്ഷസനോട് എതിരിടുന്ന ശ്രീരാമനും ഈ കവിതാഭാഗത്ത് കാണാം.

## പഠനാവതരണം

* പാഠഭാഗത്തു നൽകിയിരിക്കുന്ന ചിത്രം കുട്ടികൾക്കു പരിചയപ്പെടുത്തുക. കുട്ടികൾ ചിത്രവായന നടത്തട്ടെ. തുടർന്ന് ചിത്രത്തിൽനിന്നും കണ്ടെത്തിയ സൂചനകൾ അവർ പറയട്ടെ. അധ്യാപികയ്ക്ക് സൂചനകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി വിശദീകരണത്തോടുകൂടി കവിത പരിചയപ്പെടുത്താവുന്നതാണ്.
* രാമായണകഥയുടെ ഗതി തിരിച്ചുവിടുന്ന സംഭവമാണ് മായാമൃഗത്തിന്റെ രംഗപ്രവേശം. മായാമൃഗത്തിന്റെ കഥ കുട്ടികളിൽനിന്നു കണ്ടെത്താൻ ശ്രമിക്കുക. തുടർന്നു പാഠഭാഗത്തേയ്ക്കു കടക്കുക.

## ആശയം

* സീതയുടെ മുൻപിലെത്തിയ കനകമൃഗത്തിൽ അവൾ ആകർഷിക്കപ്പെട്ടു. ഭർത്താവായ ശ്രീരാമചന്ദ്രനോട് മനോഹരമായ കനകമൃഗത്തെ കണ്ടില്ലേ എന്നു ചോദിക്കുന്നു. കണ്ടാൽ മെരുക്കമുണ്ടെന്നും, പേടിയില്ലെന്നും വിളിച്ചാൽ വരുമെന്നും, സീതയ്ക്കു മാനിനോടൊപ്പം കളിപ്പാൻ അതിസുഖമുണ്ടെന്നും സീത രാമനോട് പറയുന്നു. വൈകാതെ ആ മാനിനെ പിടിച്ചു

  കൊണ്ടിങ്ങു പോന്നീടുക. അതിനു മടി കാണിക്കരുത് എന്ന് ജഗൽപതിയായ ശ്രീരാമചന്ദ്രനോട് സീത ആവശ്യപ്പെടുന്നു.

  സീതയുടെ ആഗ്രഹം അറിഞ്ഞ രാമൻ സഹോദരൻ ലക്ഷ്മണനോടു സീതാദേവിയെ കാത്തുകൊള്ളണം, രാക്ഷസൻമാരുണ്ട് കാട്ടിൽ യാതൊരു ഭയവുമുണ്ടാകാതെ നോക്കണം എന്നു പറഞ്ഞ് തന്റെ ധനുർബാണങ്ങളുമെടുത്ത് മായാമൃഗത്തെ കൈക്കൊള്ളുവാൻ ജഗന്നാഥൻ യാത്രയായി.



# പഠനപ്രവർത്തനങ്ങൾ

## പാഠപുസ്തകം

* **അർത്ഥം**:
  - കനകം = സ്വർണ്ണം
  - മെരുക്കം = ഇണക്കം
  - സോദരൻ = സഹോദരൻ
  - ഭൂഷിതം = അലങ്കരിക്കപ്പെട്ട
  - നൂനം = തീർച്ചയായും
  - യാതുധാനൻ = രാക്ഷസൻ
  - ചിത്രം = പടം, അത്ഭുതരസം
  - മൈഥിലി = സീത, മിഥിലയിലെ രാജാവിന്റെ മകൾ
  - കാനനം = കാട്
  - മൃഗം = മാൻ
  - ജഗന്നാഥൻ = ലോകനാഥൻ, ഈശ്വരൻ
  - ജഗൽപതി = ലോകനാഥൻ
* **പിരിച്ചെഴുതുക**:
  - രാഘവൻ + അരുൾചെയ്തു
  - ഭയവും + ഉണ്ടാകാതെ
  - കളിപ്പാൻ + അതിസുഖം
  - ബാണങ്ങൾ + എടുത്തുടൻ
* **വിഗ്രഹിക്കുക**:
  - മൈഥിലിയുടെ വാക്യം
  - ജഗത്തിന്റെ പതി
  - രഘുവംശത്തിൽ ജനിച്ചവൻ

✳ **ശീർഷകം കണ്ടെത്താം**:

വരികൾക്ക് ഉചിതമായ മറ്റൊരു ശീർഷകം കണ്ടെ ത്താൻ കുട്ടികളോട് നിർദ്ദേശിക്കാം.

ഉദാ: • മായാമൃഗം • കനകമൃഗം

ശീർഷകം കൊടുക്കാനുള്ള കാരണവും കുട്ടികൾ സ്വയം കണ്ടെത്തട്ടെ.

✳ **ശേഖരിക്കാം**:

- എഴുത്തച്ഛന്റെ വരികൾ:

  താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
  താന്താനനുഭവിച്ചീടുകെന്നേ വരൂ.

  പ്രത്യുപകാരം മറക്കുന്ന പുരുഷൻ
  ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും.

  സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
  ക്രൂദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം.

  ഒന്നൊഴിയാതെ ഗുണങ്ങൾ നരൻമാർക്ക്
  വന്നു കൂടുന്നു ഗുരുപ്രസാദത്തിനാൽ.

- പ്രയോഗഭംഗി, ആശയപൂർണ്ണത, പദങ്ങളുടെ പ്രത്യേകത, തത്ത്വചിന്ത തുടങ്ങിയവ ഉൾക്കൊള്ളു ന്നവക്ക് എഴുത്തച്ഛന്റെ വരികൾ.

✳ **കഥ കണ്ടെത്താം**:

- മാരീചനാണ് മായമൃഗമായി എത്തിയത്. രാവണന്റെ മാതുലനായ ഒരു രാക്ഷസനാണ് മാരീചൻ. രാമല ക്ഷ്മണൻമാർ സീതയോടു കൂടി കാനനവാസത്തി ലായിരിക്കുന്ന സമയം രാവണനിർദ്ദേശപ്രകാരം മാരീചൻ ആരെയും ആകർഷിക്കത്തക്ക ഭംഗി യുള്ള ഒരു മാൻകുട്ടിയായി മാറി സീതയുടെ സമീ



പത്തെത്തി. സീതയ്ക്ക് മാൻകുട്ടിയെ കിട്ടണമെന്ന് ആഗ്രഹമുണ്ടായി. ശ്രീരാമൻ ആയുധമെടുത്ത് അതിനെ അനുഗമിച്ചു. ആ സുവർണ്ണമൃഗം അടു ക്കുന്തോറും അകലുന്നതുകണ്ട് സംശയം ജനിച്ച ശ്രീരാമൻ അതിനെ എയ്തു വീഴ്ത്തി. സുവർണ്ണ മൃഗം രാക്ഷസരൂപം ധരിച്ച് ഹാ ലക്ഷ്മണാ എന്ന് രാമശബ്ദത്തിൽ വിളിച്ചുകൊണ്ട് മരിച്ചുവീണു. മരി ച്ചത് ശ്രീരാമനാണെന്നു ലക്ഷ്മണനെ തെറ്റിദ്ധരിപ്പി ക്കാനാണ് മാരീചൻ അങ്ങനെ ചെയ്തത്.

✳ **ഉത്തരങ്ങൾ**:

1. സീതയെ യാതൊരു ഭയവും കൂടാതെ കാത്തുകൊ ള്ളണം കാട്ടിൽ നിറയെ രാക്ഷസൻമാരുണ്ട്. ഇതാ യിരുന്നു ശ്രീരാമന് ലക്ഷ്മണൻ നൽകിയ മുന്നറി യിപ്പ്.
2. കനകമയമൃഗത്തിനാണ് മെരുക്കമുണ്ടെത്രയുമെന്നു തോന്നുന്നത്.
3. കനകമൃഗത്തെ പിടിച്ചുകൊണ്ടുവരണമെന്നും അതി നോടൊപ്പം കളിപ്പാൻ കഴിയണമെന്നും ആയിരുന്നു സീതയുടെ ആഗ്രഹം.
4. മാരീചൻ/രാവണന്റെ മാതുലനായ രാക്ഷസൻ.

## അഭ്യാസപുസ്തകം

✳ **പ്രാചീനകവിത്രയം**:

- ചെറുശ്ശേരി
- എഴുത്തച്ഛൻ
- കുഞ്ചൻനമ്പ്യാർ

✳ **ഇഷ്ടപ്പെട്ട വരി**:

- കുട്ടികൾ സ്വയം കണ്ടെത്തട്ടെ.

✳ **കണ്ടെത്താം... എഴുതാം:**

- ആമുഖം നോക്കുക. പാഠപുസ്തകം പേജ് 39 നോക്കുക.

✳ **എഴുത്തച്ഛൻ – ലഘുജീവചരിത്രക്കുറിപ്പ്:**

പാഠപുസ്തകം നോക്കുക.

- ആധുനിക മലയാളഭാഷാപിതാവ്.
- തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ
- കിളിപ്പാട്ട് പ്രസ്ഥാനം.
- കിളിയെക്കൊണ്ട് കഥ പറയിക്കുന്ന രൂപത്തിൽ എഴുതിയ കവി.

## പാഠം 10 മനഃപരിവർത്തനം

### പഠനലക്ഷ്യങ്ങൾ

✳ ജീവചരിത്രം/ആത്മകഥ തിരിച്ചറിയുന്നു.

✳ ലഘുക്കുറിപ്പ്/ലേഖനം തയ്യാറാക്കുന്നു.

✳ അശോകചക്രവർത്തിയെ അറിയുന്നു.

✳ പാഠഭാഗം വായിച്ച് ചർച്ചകൾ, പ്രസംഗങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നു.

✳ ആശയം ഗ്രഹിക്കുന്നതിന് കഴിയുന്നു.

✳ നൂതനപദങ്ങൾ കണ്ടെത്തുന്നു.

✳ ലഘുജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു.

✳ മാനവസ്നേഹം വളർത്തുന്നതിന് പ്രവർത്തിക്കുന്നു.

### ആമുഖം

✳ മൗര്യരാജവംശത്തിലെ ഏറ്റവും കീർത്തിമാനായ ചക്രവർത്തി ബിന്ദുസാരന്റെ പുത്രനും, മൗര്യവംശ



സ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ പൗത്രനുമായി ജനിച്ച മഹാനാണ് അശോകചക്രവർത്തി. മുൻഗാമികളെപ്പോലെ അശോകനും ആദ്യകാലത്ത് സാമ്രാജ്യ വികസനത്തിനു ശ്രമിച്ചിരുന്ന അയൽരാജ്യമായ കലിംഗത്തെ സ്വരാജ്യത്തോട് ചേർത്തുവയ്ക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി കലിംഗയുദ്ധം പൊട്ടിപ്പുറപ്പെട്ടു. യുദ്ധത്തിന്റെ ഫലമായി ഒരു പ്രദേശം മുഴുവൻ ശവശരീരങ്ങൾകൊണ്ടു നിറഞ്ഞു. അതിഭീകരവും ദയനീയവും ആയ യുദ്ധാനന്തരകാഴ്ചകൾ കണ്ട അശോകന്റെ മനസ്സ് അസ്വസ്ഥമായി. ഈ യുദ്ധം അശോകന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കി. ക്ഷണികവും ഭൗതീകവുമായ വിജയത്തേക്കാൾ സ്ഥിരതയും അനശ്വരവുമായ ആത്മീയവിജയം ആണെന്ന് തിരിച്ചറിഞ്ഞ് അഹിംസയുടെ പാതയിലൂടെ സഞ്ചരിച്ച് അശോകൻ ബുദ്ധമതാനുയായി ആയി. അശോകന്റെ മനഃപരിവർത്തനം ആണ് പാഠഭാഗം.

### പഠനാവതരണം

✳ സാമ്രാജ്യ വികസനത്തിനായി അയൽരാജ്യത്തെ ആക്രമിക്കുകയും, യുദ്ധത്തിൽ നേരിൽകണ്ട ദുരന്തങ്ങൾ ജീവിതത്തിൽ ഒരു വലിയ മാറ്റം സൃഷ്ടിക്കുകയും, യുദ്ധം തന്നെ ചെയ്യുകയില്ലെന്ന് പ്രഖ്യാപിച്ച് അഹിംസയുടെ പാതയിലെത്തിയ ബുദ്ധമതത്തിൽ ആകൃഷ്ടനായ ചക്രവർത്തി ആരാണ്? എന്ന ചോദ്യം അധ്യാപികയ്ക്ക് ചോദിക്കാവുന്നതാണ്. കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

തുടർന്ന് അശോകചക്രവർത്തിയെക്കുറിച്ച് ലഘുവിവരണം നൽകി പാഠഭാഗത്തേയ്ക്ക് കടക്കാവുന്നതാണ്.

✳ കുട്ടികളെ നാലുസംഘങ്ങളായി തിരിക്കുക. ഓരോ സംഘത്തിനും മൗനവായനയ്ക്കു സമയം നൽകുക.

തുടർന്നു സംഘത്തിനുള്ളിൽ ചർച്ച ചെയ്യുക. കുട്ടികൾ അവർക്കു കിട്ടിയ സൂചനകൾ/ആശയങ്ങൾ ക്രോഡീകരിക്കണം. നാലു സംഘത്തിൽനിന്നും ഓരോ കുട്ടി വീതം അവർ കണ്ടെത്തിയ ആശയം ക്ലാസ്സിൽ പങ്കുവെയ്ക്കട്ടെ. തുടർന്ന് അധ്യാപികയുടെ സഹായത്തോടെ പാഠഭാഗത്തേയ്ക്ക് കടന്നു ചെല്ലാവുന്നതാണ്.

⁕ ക്ലാസ്സിലെ കുട്ടികളെ രണ്ടു സംഘങ്ങളായി തിരിക്കുക. പാഠഭാഗം മൗനവായനയ്ക്കു നൽകുക. തുടർന്നു പാഠഭാഗത്തുനിന്ന് പരമാവധി ചോദ്യങ്ങൾ മാത്രം കണ്ടെത്താൻ നിർദ്ദേശിക്കാം. കുട്ടികൾ പരസ്പരം സംഘങ്ങളായി ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യണം.

⁕ അധ്യാപിക കുട്ടികളെ സഹായിക്കുകയും അവർക്കു കിട്ടുന്ന ഉത്തരങ്ങൾ/സൂചനകൾ ബോർഡിൽ രേഖപ്പെടുത്തണം. കണ്ടെത്തിയ സൂചനകളിലൂടെ പാഠഭാഗത്തേയ്ക്ക് കുട്ടികളെ നയിക്കുവാൻ അധ്യാപികയ്ക്കു കഴിയുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁕ **അർത്ഥം/സമാനപദങ്ങൾ**:

- നഗരം = നഗരി, പട്ടണം
- ആലേഖനം = എഴുത്ത്, ചിത്രമെഴുത്ത്
- നന്മ = ക്ഷേമം, ഗുണഭാവം
- സൂക്തങ്ങൾ = സ്തുതി, വേദവാക്യം, ഉത്തമവചനം
- അഹിംസ = ഹിംസിക്കാതിരിക്കൽ, കൊല്ലാതിരിക്കൽ
- പരിവർത്തനം = പിൻതിരിയൽ, തമ്മിലുള്ള മാറ്റം, തിരിച്ചുവരിക



- ഭിക്ഷു = സന്യാസി, യാചകൻ
- കാഴ്ച = നോട്ടം, ദർശനം
- ചിഹ്നം = അടയാളം, മുദ്ര
- മൈത്രി = സ്നേഹം, സൗഹൃദം

⁕ **വിപരീതം**:

- നന്മ X തിന്മ
- അഹിംസ X ഹിംസ
- സുഖം X അസുഖം, ദുഃഖം

⁕ **പര്യായപദങ്ങൾ**:

- നഗരം : പത്തനം, പുരി
- യുദ്ധം : അങ്കം, രണം
- പാത : രഥ്യ, സരണി
- മനുഷ്യൻ : നരൻ, മാനവൻ
- മനം : ഉള്ളം, മാനസം

⁕ **ഒറ്റപ്പദം**:

- പുത്രന്റെ പുത്രൻ : പൗത്രൻ
- പുണ്യമായ ഭൂമി : പുണ്യഭൂമി
- പുതിയ യുഗം : പുതുയുഗം
- ബുദ്ധന്റെ സൂക്തങ്ങൾ : ബുദ്ധസൂക്തങ്ങൾ

⁕ **വാക്യം വികസിപ്പിക്കാം**:

- അവൻ കണ്ടു.
- അവൻ പൂക്കളെ കണ്ടു.
- അവൻ പൂന്തോട്ടത്തിൽ പൂക്കളെ കണ്ടു.
- അവൻ പൂന്തോട്ടത്തിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കളെ കണ്ടു.

- അവൻ പൂന്തോട്ടത്തിൽ വിരിഞ്ഞുനിൽക്കുന്ന പലതരം പൂക്കളെ കണ്ടു.

※ **നാടകം തയ്യാറാക്കി അഭിനയിക്കാം:**

- കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിക്കാം.
- ഓരോ ഗ്രൂപ്പുകളും പാഠഭാഗം നന്നായി വായിച്ച് നാടകം തയ്യാറാക്കണം.
- കുട്ടികൾ മത്സരബുദ്ധിയോടെ നാടകം തയ്യാറാക്കി രംഗത്ത് അവതരിപ്പിക്കണം.
- സംഘപ്രവർത്തനമാക്കി ചെയ്യാവുന്നതാണ്.

※ **സൂചനകൾ:**

- പാഠഭാഗം വായിക്കുക.
- സംഭാഷണരൂപത്തിൽ തയ്യാറാക്കുക.
- അഭിനേതാക്കളെ കണ്ടെത്തുക.
- കുട്ടികൾ രംഗത്തവതരിപ്പിക്കുക.

ഒരേ ആശയം വരുന്ന 4 വ്യത്യസ്ത നാടകങ്ങൾ ഉണ്ടാകുന്നു.

※ **ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുക:**

1. മൗര്യസാമ്രാജ്യസ്ഥാപകൻ ചന്ദ്രഗുപ്തമൗര്യൻ.
2. അശോകചക്രവർത്തിയുടെ പിതാവാണ് ബിന്ദുസാരൻ.
3. കലിംഗയുദ്ധമാണ് അശോകനിൽ മാനസിക പരിവർത്തനമുണ്ടാക്കിയ യുദ്ധം.
4. പാടലീപുത്രമായിരുന്നു മൗര്യസാമ്രാജ്യത്തിന്റെ ആസ്ഥാനനഗരി.
5. അശോകന്റെ പുത്രനായ മഹേന്ദ്രനാണ് സിലോൺ രാജാവിനെ ബുദ്ധമതത്തിൽ ചേർക്കുന്നതിൽ വിജയിച്ചത്.



※ **ഉത്തരം കണ്ടെത്തുക (പാഠപുസ്തകം):**

1. • പാതകളിൽ തണൽമരങ്ങൾ നട്ടു.
   • പ്രധാന കേന്ദ്രങ്ങളിൽ സത്രങ്ങൾ നിർമ്മിച്ചു.
   • മനുഷ്യർക്കും മൃഗങ്ങൾക്കും ചികിത്സക്കായി ആശുപത്രികൾ തുറന്നു.

   ഇങ്ങനെ പരമാവധി ജനനന്മ ലക്ഷ്യമാക്കി അശോകൻ രാജ്യം ഭരിച്ചു.
2. മഹാനായ അശോകനും ശ്രീബുദ്ധനും ജീവിച്ചിരുന്ന ഭാരതം അഹിംസയുടെയും മതമൈത്രിയുടെയും സംസ്കാരം ഉൾക്കൊണ്ടു. അതിനാൽ ഭാരതം പുണ്യഭൂമിയായി തീർന്നു എന്നു പറയുന്നു.
3. കലിംഗസാമ്രാജ്യം കീഴ്പ്പെടുത്തുക എന്നതായിരുന്നു കലിംഗ യുദ്ധത്തിനു കാരണം.
4. കലിംഗ യുദ്ധത്തിൽ നിരവധി യോദ്ധാക്കൾ കൊല്ലപ്പെട്ടു. ലക്ഷകണക്കിനാളുകൾ അംഗവിഹീനരാക്കപ്പെട്ടു. യുദ്ധഭൂമിയിലെ കാഴ്ചകൾ അശോകനെ നടുക്കി. തുടർന്ന് അശോകൻ മനഃപരിവർത്തനം ഉണ്ടായി ബുദ്ധമതാനുയായി ആയി. യുദ്ധം അവസാനിപ്പിച്ചു.
5. ചോദ്യോത്തരം 4 നോക്കുക.

※ **പോസ്റ്റർ / മുദ്രാവാക്യങ്ങൾ കണ്ടെത്താം:**

* യുദ്ധം ലോകത്തിനാപത്ത്.
* യുദ്ധം ഒഴിവാക്കൂ.
* സാഹോദര്യം കണ്ടെത്തൂ.
* സ്വാർത്ഥതയുടെ ഫലമാണ് യുദ്ധം.
* യുദ്ധം ലോകത്തിന് നാശം.
* രാജ്യം തകരുന്നു.

* മാനവരാശി നശിക്കുന്നു.
* 1945-ൽ രണ്ടാം ലോകമഹായുദ്ധം ഹിരോഷിമ, നാഗസാക്കിയിൽ അണുബോംബുകൾ വർഷിച്ചു.
* ലോകരാഷ്ട്രങ്ങളുടെ തകർച്ച

✳ **യോജിപ്പിക്കാം (അഭ്യാസപുസ്തകം)**

- ധർമ്മചക്രം → ദേശീയചിഹ്നം
- ശ്രീബുദ്ധൻ → അഹിംസ
- ശിലാസ്തൂപങ്ങൾ → ധർമ്മശാസനകൾ
- പാടലിപുത്രം → ആസ്ഥാനനഗരി
- മതപ്രചരണം → മിഷണറി സംഘം

✳ **സന്ധികണ്ടെത്തുക (പാഠപുസ്തകം/അഭ്യാസപുസ്തകം)**

- ഉണ്ണിക്കിടാവ് → ഉണ്ണി + കിടാവ് → ദ്വിത്വസന്ധി
- മയിൽപ്പേട → മയിൽ + പേട → ദ്വിത്വസന്ധി
- പടക്കളം → പട + കളം → ദ്വിത്വസന്ധി
- മിന്നിത്തിളങ്ങി → മിന്നി + തിളങ്ങി → ദ്വിത്വസന്ധി
- വായനയില്ല → വായന + ഇല്ല → ആഗമസന്ധി
- വഴിയാണ് → വഴി + ആണ് → ആഗമസന്ധി
- തിരുവോണം → തിരു + ഓണം → ആഗമസന്ധി
- നെന്മണി → നെല്ല് + മണി → ആദേശസന്ധി
- അല്ലെങ്കിൽ → അല്ല + എങ്കിൽ → ലോപസന്ധി

## പാഠം 11 എന്റെ കപ്പൽ

### പഠനലക്ഷ്യങ്ങൾ

✳ താളവും ഈണവും കണ്ടെത്തുന്നു.
✳ കവിത ഉറക്കെ ചൊല്ലുന്നു.



✳ ആശയം മനസ്സിലാക്കുന്നു.
✳ ആശയം എഴുതുന്നു.
✳ കവി. ജി. യെ പരിചയപ്പെടുന്നു.
✳ കടലാസ്സുകപ്പൽ നിർമ്മിക്കുന്നു.
✳ ശീർഷകം ഉചിതമാണോ / ഔചിത്യം പരിശോധിക്കുന്നു.

### ആമുഖം

✳ ജി. ശങ്കരക്കുറുപ്പ് ജ്ഞാനപീഠപുരസ്കാരം ആദ്യമായി നേടിയ കവി. അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതിയാണ് 'ഇളംചുണ്ടുകൾ'. ഇതിലെ ഒരു ബാലകവിതയാണ് 'എന്റെ കപ്പൽ'. ഒരു കുട്ടിയുടെ മനസ്സിലുണ്ടാ കുന്ന ചിന്തകളാണ് കവിതക്ക് വിഷയമാക്കിയിരിക്കുന്നത്.

### പഠനാവതരണം

✳ കടലാസു തോണി നിർമാണം കുട്ടികളെ പരിചയപ്പെടുത്താം. തുടർന്നു കുട്ടികളുണ്ടാക്കിയ തോണികൾ അവർ പ്രദർശിപ്പിക്കട്ടെ. നിർമ്മാണ വേളയിൽ അവർക്കുണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കണം. തുടർന്ന് അധ്യാപിക സൂചനകൾ നൽകി കവിതയിലേക്ക് കടക്കണം.

'എന്റെ പേർ പലരു കാണു-
മെന്നെപ്പലരറിഞ്ഞിടും
നാടിന്റെ കീർത്തി ഞാൻ മൂലം
നാലുദിക്കിലുമെത്തിടും'

ഈ വരികൾ ചാർട്ടിൽ/ബോർഡിൽ പ്രദർശിപ്പിക്കണം. കുട്ടികൾ മൗനവായന നടത്തട്ടെ.അവരുടെ അനുഭവം / കവിതയുടെ ആശയം, കണ്ടെത്താൻ ശ്രമിക്കണം. തുടർന്നു പാഠഭാഗവുമായി കുട്ടികൾ കണ്ടെത്തിയ

കാര്യം ബന്ധപ്പെടുത്തി അധ്യാപികയ്ക്ക് കവിതാഭാഗം കുട്ടികളെ പരിചയപ്പെടുത്താം.

### ആശയം

☼ വലിയ മഴയത്ത് മുറ്റം നിറയെ വെള്ളം. പാടത്തും പറമ്പിലും വെള്ളം. ഇതു കണ്ട കുട്ടിയ്ക്ക് കടലാണെന്ന ഭാവന:- മഴ പെയ്തു കഴിഞ്ഞു. മുറ്റമൊക്കെ വലിയ കടലുപോലെയായി. പാടവും, പറമ്പും ഒക്കെ ചേർന്നു, കടലിന്റെ പരപ്പ് കൂടുന്നു. കുട്ടി കടലാസു കൊണ്ട് ഒരു കപ്പൽ ഉണ്ടാക്കി. നക്ഷത്രം പോലെ ആ കടലാസ് കപ്പലിൽ തന്റെ പേര് എഴുതി ചേർക്കും. നക്ഷത്രം പോലെ തന്റെ പേര് തിളങ്ങട്ടെ എന്ന് കുട്ടി ആഗ്രഹിക്കുന്നു.

കപ്പലിൽ, മുക്കുറ്റി, മുല്ല തുടങ്ങി ഗുണവും മണവും നിറഞ്ഞ പൂക്കൾ പറിച്ചു വെയ്ക്കും. കാറ്റത്ത് കപ്പൽ പതുക്കെ നീങ്ങിടുന്നു. കപ്പൽ മുങ്ങാതെ മുറപ്രകാരം പലദിക്കിലുമെത്തുന്നു. കാറ്റുകിട്ടാൻ വേണ്ടി അല്പനേരം കിടക്കുന്നു. കരകാണാൻ കഴിയാതെ വെള്ളത്തിൽ വീണു കിടക്കുന്ന കട്ടുറുമ്പുകൾ കരയുമ്പോൾ, കാണുമെന്റെ കപ്പൽ അവരെല്ലാവരും. ഉറു മ്പുകൾ എന്റെ കപ്പലിൽ കയറി വെള്ളത്തിൽ താഴാതെ രക്ഷപ്പെടും. എന്റെ പേര് ലോകത്തിലെ പലരും കാണും. എന്നെ / കുട്ടിയെ / പലരും അറിയും. ''എന്നിലൂടെ / ഞാൻ മൂലം എന്റെ നാടിന്റെ പ്രശസ്തി എല്ലായിടത്തും എത്തുമെന്നാണ് കുട്ടി പറയുന്നത്''.

## പഠനപ്രവർത്തനങ്ങൾ

- പരപ്പ് = ആഴം, വലിപ്പം
- മലർ = പൂവ് / പൂജാദ്രവ്യം
- മൂലം = കാരണം / വേര്



- കേഴുക = കരയുക
- കീർത്തി = പ്രശസ്തി, പ്രസിദ്ധി
- ദിക്ക് = അതിര്, വശം

☼ **സമാനപദങ്ങൾ**:
- കാറ്റ് ⇢ മാരുതൻ, തെന്നൽ
- കടലാസ് ⇢ പത്രം
- മലർ ⇢ പൂവ്
- കടൽ ⇢ ആഴി
- നക്ഷത്രം ⇢ താരം
- വെള്ളം ⇢ ജലം
- കീർത്തി ⇢ പ്രശസ്തി

☼ **പര്യായപദങ്ങൾ**:
- കടൽ ⇢ ആഴി, സാഗരം
- മഴ ⇢ മാരി, വർഷം
- പാടം ⇢ വയൽ, കണ്ടം
- നക്ഷത്രം ⇢ താരം, ഉഡു
- കാറ്റ് ⇢ തെന്നൽ, മാരുതൻ

☼ **അർത്ഥവ്യത്യാസം**:
- വെള്ളം = ജലം
- വള്ളം = തോണി
- പടം = ചിത്രം
- പാടം = വയൽ

☼ **മഴയനുഭവം എഴുതുക**:

⇢ കുട്ടികൾ സ്വയം അവരുടെ അനുഭവങ്ങൾ കണ്ടെത്തട്ടെ.

→ മഴയത്ത് കുട്ടിക്ക് എന്തു ചെയ്യാനാണ് ആഗ്രഹം. അവർ സ്വയം കണ്ടെത്തട്ടെ.

⁂ **ഉത്തരങ്ങൾ (പാഠപുസ്തകം)**:

1. മഴപെയ്തപ്പോഴാണ് മുറ്റം വൻകടലായി മാറുന്നത്.
2. കരകാണാതെ, വെള്ളത്തിൽ വീഴുന്നവർക്ക് കപ്പൽ രക്ഷയാകുന്നു. കപ്പലിൽ കയറി രക്ഷപ്പെടുന്നു.
3. കടലാസുപയോഗിച്ചാണ് കുട്ടി കപ്പലുണ്ടാക്കുന്നത്.
4. കുട്ടി തന്റെ പേരാണ് കപ്പലിൽ കുറിക്കുന്നത്.
5. എന്റെ നാടിന്റെ കീർത്തി ഞാൻ മൂലം എല്ലായിടത്തും എത്തണം എന്നതാണ് കുട്ടിയുടെ ആഗ്രഹം.

⁂ **ഇഷ്ടപ്പെട്ട വരികൾ കണ്ടെത്താം. ഇഷ്ടപ്പെടാനുള്ള കാരണം കണ്ടെത്താം (അഭ്യാസപുസ്തകം)**:

→ കവിതയുടെ ആശയഭംഗി.

→ സ്വന്താനുഭവം കവിതയിൽ കണ്ടെത്തിയത്.

→ മഴയനുഭവം ഇഷ്ടപ്പെടുന്നതിനാൽ.

→ കാരണങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തട്ടെ.

⁂ **നാനാർത്ഥം**:

- മൂലം : ഒരു നക്ഷത്രം, കാരണം, വേര്
- പത്രം : ഇല, ചിറക്, ദിനപ്പത്രം, കടലാസ്
- മലർ : പൂവ്, ഒരു പൂജാദ്രവ്യം, മലർന്ന/വിടർന്ന പൊരി

⁂ **കടലാസു തോണി നിർമ്മാണം**:

* വർണ്ണക്കടലാസുപയോഗിച്ച് തോണി നിർമ്മിക്കുക.
* കുട്ടി തന്റെ പേര് അതിൽ എഴുതി ചേർക്കണം.



⁂ **പ്രത്യേകത കണ്ടെത്തുക**:

* കൂട്ടക്ഷരങ്ങൾ
* കൂട്ടി കൂട്ടി എഴുതുന്ന വ്യഞ്ജനാക്ഷരങ്ങൾ രണ്ടോ അതിലധികമോ വ്യഞ്ജനാക്ഷരങ്ങൾ ചേരുന്നതാണ് കൂട്ടക്ഷരങ്ങൾ.

ഉദാ: ത് + ത = ത്ത     കീർ<u>ത്തി</u>

ക് + ക = ക്ക     ദി<u>ക്ക്</u>

## പാഠം 12 കീരി പറഞ്ഞ കഥ

### പഠനലക്ഷ്യങ്ങൾ

⁂ ഇതിഹാസകഥകൾ മനസ്സിലാക്കുന്നു.

⁂ പുരാണകഥകളുമായി ബന്ധപ്പെടുത്തുന്നു.

⁂ കഥ പറയാൻ പഠിക്കുന്നു.

⁂ സൂചനകളിൽ നിന്ന് കഥയുണ്ടാക്കുന്നു.

⁂ ശീർഷകം മനസ്സിലാക്കുന്നു.

⁂ യുദ്ധത്തിന്റെ അനന്തരഫലങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു.

⁂ 'മലർപ്പൊടി ദാനം' - മഹത്വം തിരിച്ചറിയുന്നു.

### ആമുഖം

⁂ 'മഹാഭാരതം' - ഭാരതത്തിലെ മഹത്തായ ഇതിഹാസകാവ്യം. ദരിദ്രനായ ബ്രാഹ്മണൻ നടത്തിയ ശ്രേഷ്ഠമായ മലർപ്പൊടി ദാനത്തെപ്പറ്റി വിശദീകരിക്കുന്ന കഥ /'കീരി പറഞ്ഞ കഥ'. ഈ പാഠം മഹാഭാരതത്തിൽ സ്വർണ്ണ കീരിയുടെ കഥയെ ആസ്പദമാക്കിയുള്ളതാണ്.

### പഠനാവതരണം

⁂ ലോകത്തിലെ ഏറ്റവും വലുതും ഉത്കൃഷ്ടവുമായ ഇതിഹാസ ഗ്രന്ഥം / കാവ്യം ഏതാണ്? കൂടുതൽ അറിവുകൾ പങ്കുവെയ്ക്കുക? എന്ന ചോദ്യം

അധ്യാപിക ക്ലാസ്സിൽ ചോദിക്കുന്നു. ഉത്തരങ്ങൾ കണ്ടെത്തട്ടെ. കണ്ടെത്തിയ സൂചനകൾ ബോർഡിൽ രേഖപ്പെടുത്താവുന്നതാണ്.

മാതൃക : മഹാഭാരതം

ഭാരതം → ഇതിഹാസഗ്രന്ഥം

രചയിതാവ് → വ്യാസൻ (കൃഷ്ണദ്വൈപായനൻ)

→ സംസ്കൃതഗ്രന്ഥം

→ കൗരവപാണ്ഡവയുദ്ധം

→ 18 പർവ്വങ്ങൾ

→ ശ്രേഷ്ഠഗ്രന്ഥം

✳ തുടർന്ന് മഹാഭാരതത്തിലെ ഒരു കഥ / സ്വർണ്ണകീരിയുടെ കഥ പരിചയപ്പെടുത്തി അധ്യാപികയ്ക്ക് പാഠഭാഗത്തേക്ക് കടക്കാവുന്നതാണ്.

→ കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കാം

→ പാഠഭാഗം മൗനവായനയ്ക്കു നൽകാം

→ ഒരു ഗ്രൂപ്പിനോട് ചോദ്യങ്ങൾ മാത്രം കണ്ടെത്താൻ നിർദ്ദേശിക്കാം.

→ അടുത്ത ഗ്രൂപ്പിനോട് പാഠഭാഗത്തു വരാവുന്ന ഉത്തരങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടാം.

→ വായനയ്ക്കുശേഷം ഇരുവരും ചോദ്യോത്തരപ്പയറ്റു നടത്തട്ടെ.തുടർന്നു കണ്ടെത്തിയ ചോദ്യോത്തരങ്ങളിലൂടെ പാഠഭാഗം മനസ്സിലാക്കട്ടെ.

## പഠനപ്രവർത്തനങ്ങൾ

✳ **പകരപദം / സമാനപദം:**

- രണം = യുദ്ധം
- യജ്ഞം = യാഗം



- അശ്വം = കുതിര
- വിരുന്നുകാരൻ = അതിഥി
- വപുസ്സ് = ശരീരം
- അന്തണൻ = ബ്രാഹ്മണൻ

✳ **ക്രമത്തിലാക്കാം (പാഠപുസ്തകം):**

- വ്യാസമഹർഷി ധനത്തിന് ഒരു മാർഗം നിർദേശിച്ചു/ഉപദേശിച്ചു.
- ഈ യാഗം എങ്ങനെയുണ്ടെന്നു പരീക്ഷിക്കുകയായിരുന്നു.

✳ **അടിവരയിട്ട പദത്തിനു പകരം പദം:**

- നാഗവൈരി → കീരി
- യജ്ഞശാല → യാഗശാല
- നൃപൻ → രാജാവ്
- അതിഥി → വിരുന്നുകാരൻ
- ക്ഷുത്ത് → വിശപ്പ്

✳ **ചോദ്യോത്തരം:**

1. ആമുഖം നോക്കുക / പഠനോപകരണം നോക്കുക.

✳ **കഥയെഴുതാം / ശീർഷകം നൽകാം:**

→ സ്വന്തം വാക്യത്തിൽ കുട്ടികൾ കഥയെഴുതട്ടെ.


→ ഉചിതമായ ശീർഷകം കണ്ടെത്തുക.

✳ **മാതൃക:**

- കീരി പറഞ്ഞ കഥ
- സ്വർണ്ണക്കരി

• ബ്രാഹ്മണന്റെ മലർപ്പൊടി ദാനം
• അതിഥി പൂജ

**പദസൂര്യൻ**:




※ **ഇതിഹാസകഥകൾ**

രാമായണം, മഹാഭാരതം, ബന്ധപ്പെട്ട കഥകൾ ഏതെങ്കിലും കണ്ടെത്തുക / ശേഖരിക്കുക - എന്ന പ്രവർത്തനം കുട്ടികൾ സ്വയം ചെയ്യട്ടെ. അവർ കണ്ടെത്തുന്ന വ്യത്യസ്തകഥകൾ ക്ലാസ്സിൽ പങ്കുവെയ്ക്കട്ടെ.

※ **ശരിയായ അക്ഷരം: (അഭ്യാസപുസ്തകം)**

• നിത്യവൃത്തി • ദക്ഷിണ
• അതിഥി • അശ്വമേധം
• കെങ്കേമം • യാഗശാല

※ **പര്യായപദങ്ങൾ**:

• ബ്രാഹ്മണൻ → ഭൂസരൻ, വിപ്രൻ, അന്തണൻ
• കീരി → നകുലം, നാഗവൈരി, സർപ്പാരാതി
• യുധിഷ്ഠിരൻ → ധർമപുത്രൻ, ധർമ്മാത്മജൻ
• സ്വർണ്ണം → കനകം, ഹേമം, കാഞ്ചനം



※ **ഉത്തരങ്ങൾ (അഭ്യാസപുസ്തകം)**:

1. മഹാഭാരതത്തിലെ കൂട്ടക്കൊലയുടെ ക്രൂരത യുധിഷ്ഠിരന്റെ മനസ്സിൽ നിന്നും വിട്ടുപോയില്ല. അതുകൊണ്ട് യുധിഷ്ഠിരനു മന:ശാന്തി കൈവന്നില്ല.
2. മരുത്തൻ എന്ന രാജാവ് ഹിമാലയത്തിൽ വച്ച് ഒരു യാഗം നടത്തി. യാഗത്തിൽ ബാക്കി / മിച്ചം വന്ന ധനം എടുത്ത് അശ്വമേധയാഗം നടത്താം. ഇതായിരുന്നു വ്യാസമഹർഷിയുടെ നിർദേശം.
3. യാഗശാലയിലെത്തിയ കീരിയുടെ ദേഹത്തിന്റെ പകുതി ഭാഗത്തിന് സ്വർണ്ണനിറമായിരുന്നു. ഇതായിരുന്നു കീരിയുടെ പ്രത്യേകത.
4. ദരിദ്രനായ ബ്രാഹ്മണനും കുടുംബവും ഉണ്ടായിരുന്നു. വയലിൽ വീണു കിടക്കുന്ന ധാന്യമണികൾ ശേഖരിച്ചാണ് നിത്യവൃത്തി കഴിക്കുന്നത്. കിട്ടിയതുകൊണ്ട് കുടുംബാംഗങ്ങൾ തൃപ്തിയോടെ ജീവിച്ചു. ഒരിക്കൽ രാജ്യത്ത് വലിയ ക്ഷാമമുണ്ടായി. ബ്രാഹ്മണനും കുടുംബവും ദിവസങ്ങളോളം പട്ടിണിയിലായി. ദിവസങ്ങളോളം അലഞ്ഞു നടന്ന് ലഭിച്ച ധാന്യമണികൾ മലർപ്പൊടിയാക്കി. കിട്ടിയ മലർപ്പൊടി നാലായി പകുത്തു. (ബ്രാഹ്മണൻ, ഭാര്യ, മകൻ, മകന്റെ ഭാര്യ) അവർ ഭക്ഷിക്കാനിരുന്നു. പുറത്ത് ഒരു അതിഥിയുടെ വിളി കേട്ടു. അവർ അതിഥിയെ സ്നേഹപൂർവ്വം സ്വീകരിച്ചു. മലർപ്പൊടി നാലുപങ്കും അതിഥിക്കു നൽകി. അതിഥിക്കു തൃപ്തിയായി. അയാൾ പറഞ്ഞു നിങ്ങൾ ചെയ്തതാണ് യഥാർത്ഥ അതിഥി പൂജ. നിങ്ങൾക്ക സ്വർഗ്ഗം ലഭിക്കട്ടെ എന്ന് ബ്രാഹ്മണനെ അനുഗ്രഹിച്ചു. ആ അതിഥി യമധർമ്മ രാജാവ് ആയിരുന്നു.ആ ബ്രാഹ്മണകുടുംബത്തിന് സ്വർഗ്ഗം ലഭിച്ചു.

ബ്രാഹ്മണൻ അതിഥിയുടെ കാൽ കഴുകിച്ച ജലത്തിൽ ഒരു കീരി കിടന്നുരുണ്ടു. വെള്ളം പുരണ്ട ഭാഗം സ്വർണ്ണനിറമായി. ബാക്കി ഭാഗം കൂടി സ്വർണ്ണനിറമാകുമോ എന്നറിയാനാണ് കീരി എല്ലാ യാഗസ്ഥലത്തെത്തി, കാൽ കഴുകിയ ജലത്തിൽ കിടന്നുരുളുന്നത്. പക്ഷേ യാഗം ശ്രേഷ്ഠമല്ലാത്തതിനാൽ ബാക്കി ശരീരം സ്വർണ്ണനിറമായില്ല.

⁕ **ഓർക്കാം:**

| | | |
|---|---|---|
| അശ്വമേധം | = | ഒരു യാഗം. ദോഷവൃത്തിക്കു വേണ്ടി നടത്തുന്നത് |
| അതിഥി | = | വിരുന്നുകാരൻ |
| യാഗം | = | ബലി |

## പാഠം 13 **മഴപ്പാട്ട്**

### പഠനലക്ഷ്യങ്ങൾ

⁕ നാടൻ പാട്ടുകൾ അറിയുന്നു.
⁕ താളബന്ധമായി ചൊല്ലുന്നു.
⁕ ആശയം മനസ്സിലാക്കുന്നു.
⁕ മഴയനുഭവം തയ്യാറാക്കുന്നു.
⁕ മഴക്കവിതകൾ കണ്ടെത്തുന്നു. ശേഖരിക്കുന്നു.
⁕ കവിത / രചന നടത്തുന്നു.

### ആമുഖം

⁕ കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെടുന്ന ഒന്നാണ് മഴ:- പല തരം മഴകളിൽ, മാരിമഴ, പേമഴ, തുടങ്ങിയവ:- മഴയുടെ വ്യത്യസ്ത ഭാവം / സ്വഭാവം കാണിക്കുന്നവയാണ്. മഴയോടുള്ള ഒരു കുട്ടിയുടെ കാഴ്ചപ്പാട് അവതരിപ്പിച്ചിരിക്കുന്ന പാഠഭാഗമാണ് 'മാനം നിറഞ്ഞ മഴ'.



### ആശയം

⁕ മാനം നിറഞ്ഞ മഴയോട്-വളരെ ശക്തിയായി പെയ്യരുതേ എന്ന് അപേക്ഷിക്കുന്ന ഒരു കുട്ടി- പേമാരി / വലിയമഴ, കൊല്ലുന്നമഴ, അതിശക്തമായ മഴ- തുടങ്ങിയ മഴ വിശേഷങ്ങളിലൂടെ മഴയുടെ വ്യത്യസ്തഭാവങ്ങൾ നാടൻപാട്ടിൽ പരിചയപ്പെടുത്തുന്നു.

### പഠനാവതരണം

⁕ ചിത്രത്തിലൂടെ പറയാം.

ചിത്രത്തിൽ നിന്ന് മഴ എന്ന അനുഭവം കുട്ടികൾ മനസ്സിലാക്കുന്നു. മഴയെപ്പറ്റി അവർ പറയട്ടെ. തുടർന്നു പാഠഭാഗത്തേക്ക് കടന്നു ചെല്ലാം.

⁕ മഴ എത്ര തരം ഉണ്ട് കണ്ടെത്താം- കുട്ടികൾ കണ്ടെത്തട്ടെ.

മാതൃക :- മഴ-പൂമഴ, തേൻമഴ, ചാറ്റൽമഴ, പേമാരി, ഇടിമഴ, പെരുമഴ, —

മഴയുടെ സ്വഭാവം കണ്ടെത്താം-

തുടർന്നു നാടൻപാട്ട് കുട്ടികൾക്ക് പരിചയപ്പെടുത്താം.

### പഠനപ്രവർത്തനം

⁕ **പകരപദം:**

- മാനം = ആകാശം
- മഴ = മാരി
- പേമഴ = പേമാരി

⁕ **പര്യായം:**

- മാനം ⇢ വാനം, ആകാശം, വ്യോമം
- മഴ ⇢ മാരി, വർഷം
- ഇരുട്ട് ⇢ അന്ധകാരം, തമസ്സ്, ഇരുൾ

✳ **പിരിച്ചെഴുതുക:**

- മഴയെല്ലാം ⟶ മഴ + എല്ലാം
- എന്റെയൊരു ⟶ എന്റെ + ഒരു
- കോരിക്കൊട്ടിപ്പെയ്യുക ⟶ കോരിക്കൊട്ടി + പെയ്യുക

✳ **മഴപ്പതിപ്പ് തയ്യാറാക്കാം:**

⟶ കുട്ടികൾ ഓരോരുത്തരും ഓരോ മഴ കവിത ശേഖരിക്കണം.

⟶ കുട്ടികൾക്ക് മഴയെപ്പറ്റി സ്വയം കവിത തയ്യാറാക്കാം.

⟶ കവിതയ്ക്ക് പേര് / ശീർഷകം നൽകണം.

⟶ ശേഖരിക്കുന്ന കവിതയിലെ കവിയുടെ പേര് കണ്ടെത്താൻ ശ്രമിക്കണം.

⟶ കവിതയ്ക്ക് ഉചിതമായ ചിത്രം വരച്ച് നിറം നൽകണം.

⟶ ഓരോ കുട്ടിയും നയ്യാറാക്കിയ കവിതകൾ ഒരുമിച്ച് ചേർത്താൽ മഴപ്പതിപ്പ് പൂർത്തിയാകും.

✳ **മഴച്ചൊല്ലുകൾ / പഴഞ്ചൊല്ലുകൾ:**

- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

✳ **മഴയനുഭവം പങ്കുവെയ്ക്കുക:**

മഴയുമായി ബന്ധപ്പെട്ട അനുഭവം കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

മാതൃക : ⟶ മഴയത്തെ യാത്ര.

⟶ മഴ നനഞ്ഞ അനുഭവം.

⟶ കുടയില്ലാത്ത മഴദിനം.

⟶ മഴവെള്ളത്തിൽ കടലാസുതോണി ഒഴുക്കിയത്.



✳ **വരികൾ കണ്ടെത്തുക:**

വളരെ ശക്തിയായി പെയ്യരുത്.

കോരിക്കെട്ടിപ്പെയ്യരുതേ...

✳ **ചർച്ച ചെയ്യാം:**

മഴക്കാലരോഗങ്ങൾ

പ്രതിരോധ മാർഗ്ഗങ്ങൾ

⟶ പാഠപുസ്തകത്തിലെ പേജ് 64-ലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾ ശ്രമിക്കട്ടെ.

⟶ അവർ കണ്ടെത്തിയ കാര്യങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യണം.

⟶ ഒരു കുട്ടി ഒരു മഴക്കാലരോഗവും, കാരണവും പ്രതിരോധവും കണ്ടെത്തണം.

⟶ കണ്ടെത്തി ചർച്ച ചെയ്ത കാര്യങ്ങൾ അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ സംഘങ്ങളായി തിരിഞ്ഞ് ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം

✳ **കവിത എഴുതാം (അഭ്യാസപുസ്തകം):**

നാലുവരി കവിത

⟶ പാഠഭാഗത്തു നിന്ന് എഴുതാം

⟶ കുട്ടികൾക്ക് സ്വന്തം കവിതയും എഴുതാം.

✳ **നാനാർത്ഥം:**

- വർഷം ⟶ ആണ്ട്, മഴ
- മാനം ⟶ ആകാശം, അഭിമാനം

✳ **സിനിമാഗാനം ശേഖരിക്കുക:**

- മഴപെയ്തു മാനം തെളിഞ്ഞ നേരം
- പ്രണയമണിത്തൂവൽ പൊഴിയും പ്രണയമഴ.

- മഴകൊണ്ടു മാത്രം മുളയ്ക്കുന്ന വിത്തുകൾ

   ..........................

## പാഠം 14 **ചിലന്തിയുടെ കഥ**

### പഠനലക്ഷ്യങ്ങൾ

⁕ സംഭാഷണം തയ്യാറാക്കുന്നു.

⁕ നാടകരീതി / അവതരണം മനസ്സിലാക്കുന്നു.

⁕ കഥാപാത്രങ്ങൾ / സ്വഭാവരീതി അറിയുന്നു.

⁕ ഗുണപാഠം / അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു.

⁕ ഐതിഹ്യം / കഥ മനസ്സിലാക്കുന്നു.

⁕ ഗ്രീക്കു കഥകൾ ശേഖരിക്കുന്നു.

⁕ നാടകം കഥാരൂപത്തിലാക്കുന്നു.

⁕ നൂതന പദങ്ങൾ കണ്ടെത്തുന്നു.

### ആമുഖം

⁕ ശരീരത്തിനടിയിൽ കുഞ്ഞു പഞ്ഞിപ്പൊതിയുമായി നടക്കുന്ന ചിലന്തികളെപ്പറ്റി ഗ്രീക്കു പുരാണത്തിൽ ഒരു കഥയുണ്ട്. ഈ കഥയാണ് 'ചിലന്തിയുടെ കഥ'. ഇത് നാടകരൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

### പാഠാവതരണം

⁕ പാഠഭാഗം മൗനവായന നടത്തി അരാക്നെ എന്ന രാജകുമാരി ചിലന്തിയായി മാറിയ കഥ കണ്ടെത്താൻ കുട്ടികളോടു ആവശ്യപ്പെടാം.

⁕ കണ്ടെത്തിയ കഥ ഒന്നോ രണ്ടോ കുട്ടികൾ ക്ലാസ്സിൽ പറയട്ടെ. തുടർന്ന് സംഭാഷണരൂപത്തിൽ / അതായത് ഓരോ കഥാപാത്രത്തിനും ഓരോ കുട്ടി വീതം ക്ലാസ്സിന്റെ മുന്നിലേക്ക് വന്ന് പാഠഭാഗം ആശയം



മനസ്സിലാക്കി വായിക്കണം / നാടകരൂപത്തിൽ അവതരിപ്പിക്കണം.

⁕ പാഠഭാഗം വായിച്ച് / നാടകത്തിൽ നിന്ന് നിങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രത്തെ പരിചയപ്പെടുത്തുക- എന്ന പ്രവർത്തനം കുട്ടികൾക്ക് നൽകണം. കാരണമെന്തെന്ന് കണ്ടെത്തുക- തുടർന്ന് കണ്ടെത്തിയ കാരണങ്ങൾ വിശദീകരിക്കുകയും ചെയ്യണം.

### പഠനപ്രവർത്തനങ്ങൾ

⁕ **അർത്ഥം എഴുതുക:**

- വിസ്മയം = അത്ഭുതം
- വേല = തൊഴിൽ, ജോലി
- നൈപുണ്യം = സാമർത്ഥ്യം
- വൈദഗ്ധ്യം = കഴിവ്, നിപുണത
- പ്രണാമം = നമസ്ക്കാരം
- വിദ്യ = അറിവ്

⁕ **സമാനപദങ്ങൾ / പര്യായം:**

- ചിലന്തി ⇢ ലൂത, ഊർണ്ണനാഭം
- മുഖം ⇢ ആസ്യം, ആനനം
- ലോകം ⇢ ഭുവനം, വിഷ്ടപം
- രോഷം ⇢ കോപം, ക്രോധം

⁕ **പിരിച്ചെഴുതുക:**

- ഭൂമിയിലെത്തി ⇢ ഭൂമിയിൽ + എത്തി
- ധിക്കാരമറിഞ്ഞ് ⇢ ധിക്കാരം + അറിഞ്ഞ്

⁕ **ചേർത്തെഴുതുക:**

- മനോഹരം + ആയ ⇢ മനോഹരമായ
- ചിലന്തി + ഉടെ ⇢ ചിലന്തിയുടെ

✳ **കഥയെഴുതാം / ശീർഷകം കണ്ടെത്താം:**

പാഠഭാഗം / നാടകം വായിച്ച് കഥാരൂപത്തിലാക്കുക.

✳ **മാതൃക:**

അരാക്നെ സുന്ദരിയായ ഒരു രാജകുമാരിയാണ്. ലിഡിയാ രാജ്യത്തെ രാജകുമാരി അരാക്നെ തുന്നൽവേലയിലും നെയ്ത്തിലും സമർത്ഥയായിരുന്നു. താൻ ലോകത്തിലെ ഏറ്റവും വലിയ കലാകാരിയാണെന്ന് സ്വയം വിശ്വസിച്ചു.

✳ **ശീർഷകം:**

- ⟶ അരാക്നെയുടെ കഥ.
- ⟶ അഹങ്കാരിയായ രാജകുമാരി.
- ⟶ അഹങ്കാരത്തിന്റെ ഫലം.
- ⟶ ഗ്രീക്ക് ദേവതയുടെ ശാപം.

✳ **ലഘുവിവരണം:**

എട്ടുകാലികൾ / ചിലന്തികൾ

- ⟶ ലോകത്തിൽ 30,000-ൽ അധികം ചിലന്തി വർഗ്ഗങ്ങളുണ്ട്.
- ⟶ ഒന്നോ രണ്ടോ സെന്റിമീറ്റർ മുതൽ ഇരുപത്തിയഞ്ചുസെന്റിമീറ്റർ വരെ നീളമുള്ള ചിലന്തികളുണ്ട്.
- ⟶ എട്ടുകാലികൾ ഇരപിടിയന്മാരാണ്.
- ⟶ പ്രധാന ആഹാരം ഷഡ്പദങ്ങളാണ്.
- ⟶ ചിലന്തികൾക്ക് ദന്തങ്ങളില്ല.
- ⟶ കണ്ണുകൾക്ക് താഴെ ഇരുവശങ്ങളിലും മൂർച്ചയുള്ള ദംഷ്ട്രകളുണ്ട്. അവയുപയോഗിച്ചാണ് ഇരയുടെ ശരീരത്തിൽ തുളഞ്ഞു കയറുന്നത്.



- ⟶ ചിലന്തികൾ ശ്വസിക്കുന്നത് ഉദരത്തിന്റെ വശത്തുള്ള നാളികൾ വഴിയാണ്.
- ⟶ പെൺചിലന്തികൾക്കാണ് വലിപ്പ കൂടുതൽ. ദീർഘനാൾ ജീവിച്ചിരിക്കുന്നതും പെൺചിലന്തികളാണ്.

✳ **ഉത്തരങ്ങൾ (പാഠപുസ്തകം):**

1. അരാക്നെ എന്നാൽ ഗ്രീക്ക് ഭാഷയിൽ എട്ടുകാലി എന്നാണർത്ഥം.
2. അരാക്നെ രാജകുമാരി.
3. അരാക്നെ, അഥീനാദേവി, തോഴി, ഭടൻ, പെൺകുട്ടി- എന്നിവരായിരുന്നു നാടകത്തിലെ കഥാപാത്രങ്ങൾ.
4. അഹങ്കാരം ആപത്ത് വിളിച്ചു വരുത്തും.
5. അഹങ്കാരിയായ അരാക്നെ ഒരു ചിലന്തിയായിത്തീരട്ടെ എന്നതായിരുന്നു ശാപം.

✳ **ശരിയായ അക്ഷരം (അഭ്യാസപുസ്തകം):**

- വൈദഗ്ധ്യം
- ധിക്കാരപൂർവം
- നൈപുണ്യം
- ഗർജ്ജിച്ചു
- കരകൗശലവിദ്യ

✳ **ഉചിതമായവ യോജിപ്പിക്കാം:**

| | | |
|---|---|---|
| അഥീനദേവത | - | യുദ്ധദേവത |
| അരാക്നെ | - | ലിഡിയ |
| ഗ്രീക്കുപുരാണം | - | ചിലന്തിയുടെ കഥ |
| ഊർണ്ണനാഭം | - | ചിലന്തി |

※ **ശരിയായ ഉത്തരം (അഭ്യാസപുസ്തകം):**

1. എട്ടുകാലി
2. അരാക്നെ
3. അഥീന
4. ചിലന്തി

## പാഠം 15 സംഗീതത്തെ സ്നേഹിച്ച സ്വാമികൾ

### പഠനലക്ഷ്യങ്ങൾ

※ ഗദ്യപഠനം - വായന വളരുന്നു.

※ ജീവചരിത്രം, ആത്മകഥ അറിയുന്നു.

※ ആധികാരിക ഗ്രന്ഥങ്ങൾ വായിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

※ പാഠഭാഗം സംഗ്രഹിക്കുന്നു. (സംഗ്രഹം തയ്യാറാക്കുന്നു)

※ വിവരണം / ലേഖനം തയ്യാറാക്കുന്നു.

※ സംഗീതം / ത്യാഗരാജസ്വാമികളുടെ സംഭാവന മനസ്സിലാക്കുന്നു.

### ആമുഖം

※ കർണ്ണാടക സംഗീത ലോകത്തെ ശുക്രനക്ഷത്രമായ ത്യാഗരാജസ്വാമികൾ തമിഴ്നാട്ടിലെ തിരുവാരൂരിൽ 1767-ൽ ജനിച്ചു. പ്രശസ്ത പണ്ഡിതനായ രാമബ്രഹ്മം ആയിരുന്നു പിതാവ്. മാതാവ് സീതമ്മയും. ഇരുവരും അടിയുറച്ച ശ്രീരാമഭക്തരായിരുന്നു.

ശാസ്ത്രീയ സംഗീതത്തിനു വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ മഹാനായ ത്യാഗരാജന്റെ ജീവിതത്തെപ്പറ്റി വിവരിക്കുന്നതാണ് 'സംഗീതത്തെ സ്നേഹിച്ച സ്വാമികൾ' എന്ന പാഠം.



### അറിയാം : ത്രിമൂർത്തികൾ

※ ദക്ഷിണേന്ത്യൻ സംഗീതത്തിലെ ത്രിമൂർത്തികൾ;

1. ത്യാഗരാജസ്വാമികൾ
2. മുത്തുസ്വാമിദീക്ഷിതർ
3. ശ്യാമശാസ്ത്രികൾ

### പാഠാവതരണം

※ പ്രകൃതി തന്നെ സംഗീതമയമാണ്. മഴ, കാറ്റ്, കടല് എവിടെയും താളാത്മകമായ ശബ്ദം, സംഗീതമാണുള്ളത്. സംഗീതത്തെ സ്നേഹിച്ച മഹത് വ്യക്തിയുടെ പേരുകൾ കണ്ടെത്താൻ അധ്യാപികയ്ക്ക് കുട്ടികളോട് നിർദേശിക്കാം. കുട്ടികൾ കണ്ടെത്തുന്ന പേരുകൾ അധ്യാപിക ബോർഡിലെഴുതണം.

മാതൃക : യേശുദാസ്
സ്വാതിതിരുന്നാൾ
താൻസൺ
ത്യാഗരാജസ്വാമികൾ

※ ദക്ഷിണേന്ത്യൻ സംഗീതചരിത്രത്തിലെ പ്രമുഖനായ ത്യാഗരാജസ്വാമികളുടെ ജീവിതത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പാഠഭാഗത്തേക്ക് കടക്കാവുന്നതാണ്.

※ ''ചോദ്യോത്തരപ്പയറ്റ്'' എന്ന പ്രവർത്തനത്തിലൂടെയും അധ്യാപികയ്ക്ക് പാഠഭാഗം പരിചയപ്പെടുത്താവുന്നതാണ്.

മാതൃക :
→ കേരളത്തിന്റെ സംഗീതപാരമ്പര്യം ഭാരതത്തിലുടനീളം പ്രചരിപ്പിച്ച സംഗീതജ്ഞൻ?
→ 1813 ഏപ്രിലിൽ 16-ാം തീയതി ജനിച്ച റാണി ഗൗരി ലക്ഷമിഭായിയുടെയും ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിതമ്പുരാന്റെയും പുത്രൻ?

⇢ ചിത്രകല, സംഗീതം, നൃത്തം, വ്യാകരണം, ചരിത്രം, ഗണിതം, സാഹിത്യം - അഗാധപാണ്ഡിത്യം നേടി.

അധ്യാപിക 'സ്വാതിതിരുനാൾ' എന്ന ഉത്തരത്തിൽ എത്തിയതിനുശേഷം ദക്ഷിണേന്ത്യൻ സംഗീതത്തിന് കേരളത്തിൽ എന്തെങ്കിലും സ്ഥാനമുണ്ടെങ്കിൽ അത് നേടിക്കൊടുത്ത മഹദ് വ്യക്തിയാണ് സ്വാതിതിരുന്നാൾ മഹാരാജാവ്.

※ ദക്ഷിണേന്ത്യൻ സംഗീതത്തിലെ പ്രമുഖനായ സംഗീതജ്ഞനാണ് ത്യാഗരാജസ്വാമികൾ. ത്യാഗരാജസ്വാമികൾ- അദ്ദേഹത്തിന്റെ ലഘുജീവചരിത്രക്കുറിപ്പ് ആണ് പാഠഭാഗം എന്നു കുട്ടികൾക്ക് പരിചയപ്പെടുത്തി അധ്യാപികയ്ക്ക് മുന്നോട്ടുപോകാം.

※ പാഠഭാഗം ⇢(വ്യക്തിഗതം/സംഘപ്രവർത്തനം) ആയി മൗനവായനയ്ക്കു നൽകാം. കുട്ടികൾ വായനക്കുശേഷം പാഠഭാഗത്തു നിന്നു കണ്ടെത്തിയ വിവരങ്ങൾ കണ്ടെത്തി പറയട്ടെ. അധ്യാപികയ്ക്ക് ചോദ്യങ്ങളിലൂടെ കുട്ടികളെ സഹായിക്കാം.

മാതൃക :-
(1) സംഗീതത്തെ ഈശ്വരനെപ്പോലെ പൂജിക്കുകയും സ്വന്തം ജീവനേക്കാളേറെ സ്നേഹിക്കുകയും ചെയ്ത സംഗീതജ്ഞരിൽ പ്രമുഖനാര്?
(2) ത്യാഗരാജന്റെ മാതാപിതാക്കൾ ആരെല്ലാം?
(3) തഞ്ചാവൂർ രാജകൊട്ടാരത്തിലെ പ്രധാന ഗായകനാര്?
(4) ആരാണ് വെങ്കടരമണയ്യ?

അധ്യാപിക ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികൾ കണ്ടെത്തുന്ന ഉത്തരങ്ങൾ, അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുകയും വേണം.



മാതൃക :-

ത്യാഗരാജസ്വാമികൾ

പിതാവ്
രാമബ്രഹ്മം

മാതാവ്
സീതമ്മ

ഗുരു
വെങ്കടരമണയ്യ

മാതൃകയിലുള്ളതുപോലെ പാഠഭാഗം പരിചയപ്പെടുത്താവുന്നതാണ്.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **അർത്ഥം**:

- കീർത്തി = പ്രശസ്തി, പ്രസിദ്ധി
- സഫലം = ഫലമുള്ള, പൂർണ്ണമാകുക
- ഗൃഹം = വീട്, ഭവനം
- വാസന = നല്ല മണം, ആഗ്രഹം

※ **വിപരീതം**:

- പണ്ഡിതൻ X പാമരൻ
- ആദ്യം X അവസാനം (അന്ത്യം)

※ **എതിർലിംഗം**:

- പ്രമുഖൻ X പ്രമുഖ
- മകൻ X മകൾ

- സമർത്ഥൻ x സമർത്ഥ
- യുവാവ് x യുവതി

✻ **വിഗ്രഹിക്കുക**:

- മാതാപിതാക്കൾ : മാതാവും പിതാവും
- സംഗീതവാസന : സംഗീതത്തിലുള്ള വാസന
- കലാപാടവം : കലയിലുള്ള പാടവം
- സംഗീതഭാഷ : സംഗീതം എന്ന ഭാഷ/ സംഗീതത്തിന്റെ ഭാഷ

✻ **ഒറ്റപ്പദം**:

- സംഗീതത്തിൽ ജ്ഞാനമുള്ളവൻ : സംഗീതജ്ഞൻ
- വിസ്മരിക്കാൻ പറ്റാത്തത് : അവിസ്മരണീയം

✻ **ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുക**:

1. പിതാവ് രാമബ്രഹ്മവും മാതാവ് സീതമ്മയും
2. സോന്തി വെങ്കടസുബ്ബയ്യ
3. തഞ്ചാവൂർ കൊട്ടാരത്തിലെ പ്രധാനഗായകൻ സോന്തി വെങ്കടസുബ്ബയ്യയുടെ പുത്രനാണ് വെങ്കടരമണയ്യ.
4. തിരുവയ്യാറിലെ സംഗീതസഭ.

✻ **ഉത്തരങ്ങൾ**:

1. കർണ്ണാടക സംഗീതത്തിലെ പ്രമുഖനാണ് ത്യാഗരാജസ്വാമികൾ. *അല്ലെങ്കിൽ*

   സംഗീതത്തെ ഈശ്വരനെപ്പോലെ പൂജിക്കുകയും സ്വന്തം ജീവനേക്കാളേറെ സ്നേഹിക്കുകയും ചെയ്ത സംഗീതജ്ഞരിൽ പ്രമുഖനാണ് ത്യാഗരാജ സ്വാമികൾ.



2. ത്യാഗരാജനു പാട്ടുപഠിക്കാൻ അതിയായ മോഹമുണ്ടായിരുന്നു. അടുത്ത ഗൃഹത്തിൽ വെങ്കടരമണയ്യ പാട്ടു പഠിപ്പിക്കുന്നതു കേട്ടു നിൽക്കും. ഇതറിഞ്ഞ പിതാവ് രാമബ്രഹ്മം ത്യാഗരാജനെ ശിഷ്യനാക്കണമെന്ന് വെങ്കടരമണയ്യയോട് അപേക്ഷിച്ചു. അദ്ദേഹം സമ്മതിച്ചു. അങ്ങനെ ത്യാഗരാജന്റെ പാട്ടുപഠിക്കാനുള്ള മോഹം സാധിച്ചു.
3. തിരുവയ്യാറിലെ സംഗീതസഭയിൽ വച്ച് സദസ്സ് ത്യാഗരാജനോട് സ്വന്തം കൃതി പാടാൻ ആവശ്യപ്പെട്ടു. ഈശ്വരനെ മനസ്സിൽ ധ്യാനിച്ച് സദസ്സിനെ വണങ്ങി. ''ഇതുപോലെ ഒരു ദർശനം കിട്ടുമോ'' എന്നർത്ഥം വരുന്ന ശ്രീരാമകീർത്തനം പാടി. സദസ്യർ പരിസരം മറന്നിരുന്നു പോയി. ശിഷ്യന്റെ കലാപാടവം കണ്ട് ഗുരുവിന്റെ കണ്ണുകൾ നിറഞ്ഞു. ''ഇതുപോലൊരു ശിഷ്യനെ കിട്ടുമോ'' എന്നു സംഗീതഭാഷയിൽ ചോദിച്ച് ശിഷ്യനെ ആലിംഗനം ചെയ്തു. ഇതായിരുന്നു അവിസ്മരണീയ സംഭവം.
4. തിരുവയ്യാറിലെ സംഗീതസഭയിൽ വച്ച് ത്യാഗരാജ സ്വാമികൾ ''ഇതുപോലെ ഒരു ദർശനം കിട്ടുമോ'' എന്നു പാടിയപ്പോൾ ഗുരു വെങ്കടരമണയ്യ ആണ് ''ഇതുപോലൊരു ശിഷ്യനെ കിട്ടുമോ'' എന്നു പാടിയത്.

✻ **വാദ്യോപകരണങ്ങൾ**:

വാദനം ചെയ്യാൻ അഥവാ വായിക്കാൻ യോഗ്യമായ വാദ്യം. ഏകദേശം അഞ്ഞൂറോളം വാദ്യങ്ങൾ ഭാരതത്തിലുണ്ടെന്നാണ് പറയുന്നത്.

1. തുകൽവാദ്യങ്ങൾ ⇢ ചെണ്ട, മദ്ദളം, തിമില, മൃദംഗം, ഇടക്ക

2. തന്ത്രിവാദ്യങ്ങൾ → വയലിൻ, വീണ, തംബുരു
3. സുഷിരവാദ്യങ്ങൾ → നാഗസരം, പുല്ലാങ്കുഴൽ
4. ഘനവാദ്യങ്ങൾ → ഇലത്താളം, ചേങ്ങില

※ **ലഘുക്കുറിപ്പ്** : **ഭാരതീയസംഗീതം**

വേദകാലത്തു തന്നെ വികസിതമായ ഒരു സംഗീത പാരമ്പര്യമാണ് ഭാരതത്തിനുള്ളത്. ഇതിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. ലോകത്ത് ഏറ്റവും പഴക്കമുള്ള സംഗീതപാരമ്പര്യമാണിത്. സപ്തസ്വരസംഗീതമാണ് ഭാരതീയസംഗീതത്തിന്റെ അടിത്തറ.

ദക്ഷിണേന്ത്യയിൽ ഉടലെടുത്ത ശാസ്ത്രീയസംഗീതശാഖയാണ് കർണ്ണാടക സംഗീതം. മറ്റ് ഇന്ത്യൻ ശാസ്ത്രീയ സംഗീതശാഖകളെപ്പോലെ രാഗവും താളവുമാണ് കർണ്ണാടക സംഗീതത്തിന്റെ അടിസ്ഥാനം. കർണ്ണാടക സംഗീതത്തിന്റെ പ്രാഥമിക പാഠങ്ങൾ രൂപകൽപ്പന ചെയ്തത്, പുരന്ദരദാസൻ (1480 - 1564) ആണെന്ന് പറയുന്നു. അദ്ദേഹം കർണാടക സംഗീതത്തിന്റെ പിതാവായി അറിയപ്പെടുന്നു. പിന്നീടെത്തിയ ശ്യാമശാസ്ത്രികൾ (1762 - 1827) മുത്തുസ്വാമി ദീക്ഷിതർ (1776 - 1827) ത്യാഗരാജസ്വാമികൾ (1759 - 1847)) എന്നീ സംഗീതജ്ഞരെ കർണാടകസംഗീതത്തിലെ ത്രിമൂർത്തികൾ ആയി കണക്കാക്കപ്പെടുന്നു.

ഇന്ത്യയുടെ തനതു ശാസ്ത്രീയ സംഗീതപദ്ധതികളിലൊന്നാണ് ഹിന്ദുസ്ഥാനി സംഗീതം. 13,14 നൂറ്റാണ്ടുകളിൽ വടക്കേ ഇന്ത്യയിലെ രാജസദസ്സുകളിലാണ് ഈ സംഗീതം രൂപം പ്രാപിച്ചത്. രാഗം, താളം എന്നിവയെ അടിസ്ഥാനമാക്കിയാണ് ഹിന്ദുസ്ഥാനി സംഗീതം നിലകൊള്ളുന്നത്.



※ **ശരിയായ അക്ഷരം ചേർക്കുക (അഭ്യാസപുസ്തകം)**:

- സംഗീതജ്ഞൻ
- സഫലമായി
- അപേക്ഷിച്ചു
- സന്തുഷ്ടൻ

※ **ഉത്തരമെഴുതുക**:

- വെങ്കടരമണയ്യ അതിരറ്റു സന്തോഷിക്കാൻ കാരണമെന്ത്?

  ത്യാഗരാജനെന്ന സമർത്ഥനായ ഒരു ശിഷ്യനെ കിട്ടിയതിലാണ് വെങ്കടരമണയ്യ അതിരറ്റു സന്തോഷിച്ചത്.

## പാഠം 16 **കാക്ക**

### പഠനലക്ഷ്യങ്ങൾ

※ കവിതയിലെ ഈണവും താളവും കണ്ടെത്തുന്നു.
※ കവിത ഭംഗിയായി ചൊല്ലുന്നു.
※ ആശയം കണ്ടെത്തി പറയുന്നു / എഴുതുന്നു.
※ ദൃശ്യബിംബങ്ങൾ ഉൾക്കൊള്ളുന്നു; വർണ്ണന തയ്യാറാക്കുന്നു.
※ കവിപരിചയം :- അറിയുന്നു.
※ ലഘുവിവരങ്ങൾ തയ്യാറാക്കുന്നു.
※ ചോദ്യോത്തരങ്ങൾ സ്വയം കണ്ടെത്തുന്നു.

### ആമുഖം

※ 'കാച്ചിക്കുറുക്കിയ കവിതയുടെ കർത്താവ്" എന്ന പേരിൽ അറിയപ്പെടുന്ന മലയാളത്തിലെ പ്രശസ്ത കവി ശ്രീ. വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'ബാലകവിതകൾ' എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തിട്ടുള്ള കവിതയാണ് 'കാക്ക'.

കിടാത്തിയും തോഴിയുമായി കവി കാക്കയെ കാണുന്നു. കാക്ക നമുക്കു ചെയ്യുന്ന സേവനങ്ങൾ കൂരിരുട്ടിന്റെ മകൾ എന്നു വിളിക്കുമ്പോഴും കാക്ക സൂര്യപ്രകാശത്തിന്റെ തോഴിയാണെന്നു കാണിച്ചു തരുന്ന കവിതയാണ് കാക്ക.

### പഠനാവതരണം

- ബോർഡിൽ ഒരു കാക്കയെ വയ്ക്കാം/ കാക്കയുടെ ചിത്രം ചാർട്ടിലിടാം.
- കാക്കയെപറ്റിയുള്ള പഴഞ്ചൊല്ലുകൾ/പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.
- അധ്യാപികയ്ക്ക് കാക്കയെപറ്റി കുട്ടികൾ കണ്ടെത്തിയ ആശയങ്ങൾ ക്രോഡീകരിച്ച് പാഠഭാഗത്തേയ്ക്ക് എത്താവുന്നതാണ്.
- കാക്കയുമായി ബന്ധപ്പെട്ട കഥകൾ / കവിതകൾ കുട്ടികൾ പങ്കുവയ്ക്കട്ടെ. കഥയിൽ / കവിതയിൽ നിന്നു കണ്ടെത്തിയ സൂചനകൾ അനുസരിച്ച് കാക്കയുടെ പ്രത്യേകതകൾ എല്ലാവരും ചേർന്നും കണ്ടെത്തണം.
- **മാതൃക:** → കാക്കയുടെ നിറം കറുപ്പ്
  - → കാക്ക കുറുമ്പിയാണ് (നെയ്യപ്പം തട്ടിയെടുത്ത കഥ)
  - → കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻകുഞ്ഞ് (കാക്കേ ...... കാക്കേ കൂടെവിടെ)
  - → ..............

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു കാക്കയെ ആണ് ഞാനിന്ന് നിങ്ങൾക്ക് പരിചയപ്പെടുത്തുന്നത് എന്നു പറഞ്ഞ് കവിതയിലേക്ക് കടക്കാം.



- നമുക്ക് ചുറ്റുപാടും കാണാറുള്ള പക്ഷികൾ / വളർത്തു പക്ഷികൾ ഏതെല്ലാം അവയുടെ പ്രത്യേകതകൾ പറഞ്ഞ് പാഠഭാഗത്തേയ്ക്ക് കടക്കാം.

### ആശയം

- കവി വൈലോപ്പിള്ളി കാക്കയെ കൂരിരുട്ടിന്റെ മകൾ എന്നും സൂര്യപ്രകാശത്തിന്റെ തോഴിയാണെന്നും പറയുന്നു. ചീത്തകൾ കൊത്തിവലിച്ചിട്ടും വൃത്തിയുള്ളവളായി കവി കാക്കയെ വിശേഷിപ്പിക്കുന്നു. കാക്ക മനുഷ്യരുടെ സന്തതസഹചാരിയാണ്. എന്നാൽ മനുഷ്യൻ കാക്കയെ ആട്ടിയോടിക്കുന്നു. കാക്ക നൽകുന്ന സേവനങ്ങൾ, ഉപകാരങ്ങൾ നമ്മുടെ വീടും പരിസരവും വൃത്തിയും വെടിപ്പും ആക്കി മാറ്റുന്നവളായ കാക്ക കൂരിരുട്ടിന്റെ മകളാണെന്നു കവി വിശേഷിപ്പിക്കുന്നത് കറുത്ത നിറമായതുകൊണ്ടാണ്. എന്നാൽ സൂര്യനുദിക്കുമ്പോൾ തന്നെ കാക്ക എഴുന്നേറ്റ് തന്റെ ജോലി ചെയ്യുന്നതു കൊണ്ട് സൂര്യപ്രകാശത്തിന്റെ ഉറ്റ തോഴിയാണെന്നും പറയുന്നു. സ്വാതന്ത്ര്യം സംരക്ഷിക്കണമെന്ന അറിവുള്ളവരാണ് കാക്കകൾ. ശ്രദ്ധയോടെ ചുറ്റുപാട് നിരീക്ഷിക്കുന്നവരാണവർ. ആരുടെയും കൈയിലകപ്പെടാതെ സ്വയം സംരക്ഷണം തീർക്കുന്നവരാണ് ഓരോ കാക്കയും.

  പ്രഭാതത്തിൽ കിഴക്ക് സൂര്യനുദിക്കുന്നു. കവി വളരെ മനോഹരമായ ഒരു ഉപമയുമായാണ് ഇതിനെ വർണ്ണിച്ചിരിക്കുന്നു. പൊന്നുപുലരി ഉണർന്നെണീറ്റ് കിഴക്ക് തീ പൂട്ടുന്നു. പൊൻപുലരിയിലെ സൂര്യപ്രകാശമേറ്റ് ആകാശത്ത് ചന്ദ്രക്കല (നാളികേരപ്പൂള്) വാടിപോയിരിക്കുമ്പോൾ - മുത്തുപോലെയുള്ള അത്താഴവറ്റ് (അത്താഴത്തിന്റെ ബാക്കി) ഇവിടെ നക്ഷത്രങ്ങൾ

ആകാശത്ത് ചിന്നിചിതറുമ്പോൾ - നമ്മുടെ നിത്യ ജീവിതത്തിൽ ബാക്കിവരുന്ന ഭക്ഷണം (ചോറ്) മുറ്റത്തേക്ക് വലിച്ചെറിയുന്നത് കവി സൂചിപ്പിക്കുന്നു. ഇതെല്ലാം കൊത്തി വലിച്ച് വൃത്തിയാക്കാൻ അതിരാവിലെ തന്നെ കാക്കയെത്തുന്നു. മുറ്റത്തെ പുളിമര ക്കൊമ്പിൽ നിന്നും കാക്കയുടെ താരനാദം കേൾക്കാം.... ആരാണുറങ്ങുന്നത് എഴുന്നേൽക്കുക എന്ന് ഒരു വീട്ടിലെ കാരണവത്തിയുടെ പറച്ചിൽ പോലെ എന്ന് കവി വ്യക്തമാക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **അർത്ഥം എഴുതുക**:

- കിടാത്തി = മകൾ
- ഉക്തി = വാക്ക്
- തോഴി = കൂട്ടുകാരി
- വെടിപ്പ് = വൃത്തി, ശുചിത്വം
- കാക്കണം = സംരക്ഷിക്കണം
- നാദം = ശബ്ദം, ഒച്ച
- പുലരി = പ്രഭാതം
- പ്രകാശം = വെളിച്ചം
- വാനം = ആകാശം
- നാളികേരം = തേങ്ങ
- താരനാദം = ഉച്ചത്തിലുള്ള ശബ്ദം
- എഴുന്നോൾ = ഉള്ളവൾ



※ **സമാനപദങ്ങൾ കവിതയിൽ നിന്നു കണ്ടെത്താം**:

- അറിയുന്നവൾ → അറിവോൾ
- പറച്ചിൽ → ഉക്തി
- അടുപ്പമുള്ള കൂട്ടുകാരി → ഉറ്റതോഴി
- മുത്തുപോലെ → മുത്തൊക്കും

※ **പര്യായപദങ്ങൾ**:

- വാനം → ഗഗനം, വ്യോമം
- സൂര്യൻ → ദിവാകരൻ, അരുണൻ
- കാക്ക → വായസം, കാകൻ
- മുറ്റം → ചത്വരം, അങ്കണം
- മരം → ശാഖി, വിടപി

※ **പിരിച്ചെഴുതുക**:

- ഉണർന്ന് + എണീറ്റു
- പുളിമരം + കൊമ്പ്
- മുത്ത് + ഒക്കും

※ **ചേർത്തെഴുതുക**:

- ചിന്നിയടിഞ്ഞു
- വാടിക്കിടന്നു
- നാളികേരപ്പൂള്

※ **ശീർഷകം കണ്ടെത്താം**:

- കൂരിരുട്ടിന്റെ മകൾ
- മാർഗദീപം
- ഉറ്റചങ്ങാതി

  കൂരിരുട്ടിന്റെ നിറമായതുകൊണ്ടാണ് കാക്കയെ കൂരിരുട്ടിന്റെ മകളായി കവി അവതരിപ്പിച്ചിരിക്കുന്നത്.

സമയനിഷ്ഠയിലും വൃത്തിയിലും ഏവരിലും മുന്നിലുമാണ് കാക്ക. കാക്ക നമുക്ക് ഓരോരുത്തർക്കും മാർഗദീപമാണ്.

മനുഷ്യരുടെ ഉറ്റചങ്ങാതിയായ കാക്ക വീടും പരിസരവും വൃത്തിയാക്കുന്നു. ഏവർക്കും കാക്ക ഉറ്റ ചങ്ങാതിയാണ്.

- കൂടുതൽ ശീർഷകങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തട്ടെ.

⁜ **പഴഞ്ചൊല്ലുകൾ കണ്ടെത്താം**:

- കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻകുഞ്ഞ്
- കാക്ക കുളിച്ചാൽ കൊക്കാകുമോ
- കാക്കക്കൂട്ടിൽ കല്ലിട്ടപോലെ

⁜ **ഇഷ്ടപ്പെട്ട വരികൾ**:

- കുട്ടികൾ അവർക്ക് ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തി എഴുതട്ടെ. കവിത മനഃപാഠമാക്കട്ടെ.

⁜ **കഥകൾ കണ്ടെത്താം**:

- കാക്കയും നെയ്യപ്പവും.
- കാക്ക കൂട്ടിൽ മുട്ടയിട്ട കുയിൽ.
- കാക്കക്കൂട്ടിൽ കല്ലെറിയുക.

⁜ **ആശയം വിശദമാക്കുക**:

- ചീത്തകൾ കൊത്തി വലിക്കുകിലുമേറ്റവും വൃത്തി വെടിപ്പെഴുന്നോൾ:

  മനുഷ്യന്റെ നിത്യസഹചാരിയാണ് കാക്ക. മനുഷ്യനെ ഏറെ ഇഷ്ടപ്പെടുന്ന കാക്കയിൽ നിന്ന് അകലം പാലിക്കുന്നവരാണ് മനുഷ്യർ.



കാക്കയുടെ ഗുണഗണങ്ങളും, മനുഷ്യർക്ക് കാക്ക നൽകുന്ന സേവനങ്ങളും കവി ഈ വരിയിലൂടെ വ്യക്തമാക്കുന്നു. വീടും പരിസരവും വൃത്തിയാക്കുന്ന കാക്ക ചീത്തകൾ കൊത്തിവലിക്കുകിലും, പ്രവൃത്തിയിൽ ഏറ്റവും വൃത്തിയും വെടിപ്പും ഉള്ളവളാണ് എന്ന് കവി പ്രസ്താവിക്കുന്നു.

- കാരണവത്തിതന്നുക്തിപോലെ!

  അതിരാവിലെ മുറ്റത്തെ പുളിമരക്കൊമ്പിൽ നിന്നും കാക്കയുടെ കരച്ചിൽ- അത് താരനാദമാണ്. ആരാണ് ഈ നേരത്ത് ഉറങ്ങുന്നത് എഴുന്നേൽക്കുക എന്ന ഗൗരവത്തോടെയുള്ള വിളിച്ചുണർത്തൽ, നമ്മുടെ വീട്ടിലെ ഒരു കാരണവത്തിയെ ഓർമ്മിപ്പിക്കുന്നു. അതായത് മുത്തശ്ശിമാർ വീട്ടിലുള്ളവരെ അതിരാവിലെ വിളിച്ചെഴുന്നേൽപ്പിക്കുന്നതുപോലെ കാക്ക ചെയ്യുന്നു എന്നു കവി ഈ വരികളിലൂടെ പറയുന്നു.

⁜ **ഇഷ്ടപ്പെട്ട പക്ഷി**:

⇢ കുട്ടികൾ സ്വയം കണ്ടെത്തട്ടെ
⇢ പേരു കൊടുക്കാൻ മറക്കരുത്
⇢ ലഘുകവിതയുടെ മാതൃകയിൽ മതി

⁜ **കവിപരിചയം**:

- പാഠപുസ്തകം നോക്കുക: പേജ് 76

⁜ **വിപരീതപദം (അഭ്യാസപുസ്തകം)**:

- കിഴക്ക് X പടിഞ്ഞാറ്
- സ്വാതന്ത്ര്യം X പാരതന്ത്ര്യം
- ഇരുട്ട് X പ്രകാശം

⁕ **കഥയെഴുതാം:**

കുട്ടികൾ കഥ കണ്ടെത്തട്ടെ. അവർ എഴുതി തയ്യാറാക്കിയ കഥകൾ ശേഖരിച്ച് 'ശേഖരണപ്പതിപ്പ്' തയ്യാറാക്കാവുന്നതാണ്.

## പാഠം 17 ഒരു ജനകീയകലയുടെ പിറവി

### പഠനലക്ഷ്യങ്ങൾ

⁕ ലേഖനം തയ്യാറാക്കുന്നു.

⁕ ലഘുകുറിപ്പ് അറിയുന്നു.

⁕ ജീവചരിത്രം/ആത്മകഥ വ്യത്യാസം തിരിച്ചറിയുന്നു.

⁕ 'കുഞ്ചൻനമ്പ്യാർ'- പഠിക്കുന്നു.

⁕ ജനകീയ കല-തുള്ളൽ എത്രവിധം? ഏതെല്ലാം?

⁕ തുള്ളലിന്റെ ഉദ്ഭവം-ഐതിഹ്യം.

⁕ പ്രാചീനകവി/പ്രാചീനകവിത്രയം.

### ആമുഖം

⁕ മലയാളസാഹിത്യത്തിന്റെ വരദാനമാണ് 'കുഞ്ചൻനമ്പ്യാർ'. ഫലിതരസികൻ, ജനകീയകവി തുടങ്ങിയ വിശേഷണങ്ങൾക്കർഹനായ കുഞ്ചൻനമ്പ്യാർ മലയാളഭാഷയ്ക്കും രചനയ്ക്കും നൽകിയ സംഭാവനകൾ നിസ്തുലമാണ്. അദ്ദേഹം കണ്ടെത്തിയ പുതിയ ഒരു കലാരൂപം 'ഓട്ടൻതുള്ളലി'നെപറ്റിയും അത് ഉദയം ചെയ്യാനിടയായ സാഹചര്യത്തെ പ്രതിപാദിക്കുന്ന ഐതിഹ്യകഥയുമാണ്-'ഒരു ജനകീയകലയുടെ പിറവി' എന്ന പാഠഭാഗം.

### പഠനാവതരണം

⁕ 'ഓട്ടൻതുള്ളൽ അവതരണം കുട്ടികളെ കാണിക്കാവുന്നതാണ്. ഈ കലയുടെ പേര് എന്താണെന്നും കുട്ടി



കൾക്ക് ഈ കലയെപറ്റി എന്തൊക്കെയറിയാം എന്നും അവർ കണ്ടെത്തി പറയട്ടെ. തുടർന്നു പാഠഭാഗത്തേയ്ക്ക് കടക്കാവുന്നതാണ്.

⁕ തുള്ളൽചിത്രങ്ങൾ പരിചയപ്പെടുത്തുക. തുടർന്നു പാഠഭാഗത്തേയ്ക്ക് പോകാവുന്നതാണ്.

⁕ പാഠഭാഗം മൗനവായന / സംഘപ്രവർത്തനമായി വായനയ്ക്കായി സമയം കൊടുക്കുക. തുടർന്ന് അധ്യാപിക ചോദ്യങ്ങൾ നൽകുക.

മാതൃക : ⇢ തുളളൽക്കലയുടെ ഉപജ്ഞാതാവ് ആരാണ്?

⇢ ജനകീയകവി എന്ന പേരിൽ അറിയപ്പെടുന്നതാര്?

⇢ തുള്ളൽ എന്ന കലാരൂപത്തിന്റേ ഉദ്ഭവത്തെ പറ്റിയുള്ള ഐതിഹ്യം കണ്ടെത്തുക?

കുട്ടികൾ ഗ്രൂപ്പായി ഉത്തരങ്ങൾ കണ്ടെത്തട്ടെ. ക്ലാസ്സിൽ ചർച്ച ചെയ്യട്ടെ. അങ്ങനെ പാഠഭാഗം കുട്ടികൾ സ്വയം മനസ്സിലാക്കട്ടെ.

### പഠനപ്രവർത്തനങ്ങൾ

#### പാഠപുസ്തകം

⁕ **ചിത്രം നോക്കി പറയാം:**

- ഓട്ടൻതുള്ളൽ (ശീതങ്കൻതുള്ളൽ)
- ചാക്യാർകൂത്ത്
- കഥകളി

⁕ **അർത്ഥം:**

- ഐതിഹ്യം = കെട്ടുകഥ, പുരാണകഥ
- ദൃശ്യം = കാണാവുന്നത്

- പ്രാചീനം = പഴയത്
- ഫലിതം = ഹാസ്യം, തമാശ
- ഭവനം = വീട്
- ആക്ഷേപം = കളിയാക്കൽ

✳ **പര്യായം**:

- ദിവസം → ദിനം, വാസരം
- മനസ്സ് → ഹൃത്ത്, ചിത്തം
- അമ്പലം → ക്ഷേത്രം, ദേവാലയം

✳ **ശരിയേത്?**

- വേദി
- ധീരത
- ഫലിതം

✳ **പിരിച്ചെഴുതുക**:

- അപമാനിതൻ + ആയ
- ആകൃഷ്ടൻ + ആയി
- അസാധാരണം + ആയ
- ഉറങ്ങി + പോയി

✳ **ഒറ്റപ്പദം**:

- ആദിമനിവാസികൾ
- ജനപ്രിയകവി
- ദൃശ്യകല
- മഹാകവി

✳ **ഉത്തരങ്ങൾ (പാഠപുസ്തകം)**:

1. തുള്ളൽ മൂന്നുതരം : ഓട്ടൻതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ.
2. തിരുവില്വാമലയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം ആണ് കുഞ്ചൻനമ്പ്യാരുടെ ജന്മസ്ഥലം.
3. കൂത്തിനുപയോഗിക്കുന്ന ഒരു വാദ്യോപകരണമാണ് മിഴാവ്.



4. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ ചാക്യാർകൂത്ത് പറയുമ്പോൾ മിഴാവ് കൊട്ടിയിരുന്നു നമ്പ്യാർ ഉറങ്ങിപ്പോയി. ചാക്യാർ വേദിയിൽ വെച്ച് നമ്പ്യാരെ ആക്ഷേപിച്ചു. അപമാനിതനായ നമ്പ്യർ തന്നെ പരിഹസിച്ച ചാക്യാരോട് പകരം വീട്ടാൻ തീരുമാനിച്ചു. അങ്ങനെ വളരെ നാളുകളായി നമ്പ്യാരുടെ മനസ്സിലുണ്ടായിരുന്ന ഒരു പുതിയ കലാരൂപം പിറ്റേന്ന് അമ്പലപ്പുഴ അമ്പലത്തിൽ അവതരിപ്പിച്ചു. ഈ കലാരൂപമാണ് തുള്ളൽ. ഇതാണ് ഐതിഹ്യം.
5. ശീതങ്കൻ എന്ന പദം പുലയൻ എന്ന പദത്തിൽ നിന്നുണ്ടായതാണ്. പുലയസമൂഹത്തിന്റെ വിവിധതരത്തിലുള്ള നൃത്തരൂപങ്ങളെ പരിഷ്കരിച്ചതാണ് ശീതങ്കൻതുളളൽ.

✳ **പ്രാചീനകവിത്രയം**:

- ചെറുശ്ശേരി - ഗാഥാപ്രസ്ഥാനം
- എഴുത്തച്ഛൻ - ഭാഷാപിതാവ്
- കുഞ്ചൻനമ്പ്യാർ - തുള്ളൽപ്രസ്ഥാനം

✳ **ആധുനിക കവിത്രയം**:

- കുമാരനാശാൻ - ആശയഗംഭീരൻ
- ഉളളൂർ.എസ്.പരമേശ്വരൻ - ഉജ്ജ്വലശബ്ദാസ്യൻ
- വള്ളത്തോൾ - ശബ്ദസുന്ദരൻ

